**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3128** **14-02-2024 - ൽ മറുപടിയ്ക്ക്**

**ജല ജീവൻ മിഷൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പ്രഭാകരൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ജല ജീവൻ മിഷൻ പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ ഉൾപ്പെട്ട പഞ്ചായത്തുകൾക്ക് റോഡ് റീസ്റ്റോറേഷന് തുക ലഭിക്കാത്തത് മൂലം പ്രസ്തുത റോഡുകൾ തകർന്ന് കിടക്കുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ; | (എ) | ജല ജീവൻ മിഷൻ പദ്ധതി മാനദണ്ഡ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥത യിലാണ് പദ്ധതി നടപ്പിലാക്കുന്നത്. ജലജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള ഓരോ പദ്ധതിയ്ക്കും ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അംഗീകാരം ലഭ്യമാക്കിയാണ് ഭരണാനുമതി നൽകിയിട്ടുള്ളത്.<br><br>ഇപ്രകാരം അനുമതി നൽകിയ ജല ജീവൻ മിഷൻ പദ്ധതികളിൽ ഉൾപ്പെടുത്തി പൈപ്പ് ലൈൻ സ്ഥാപിച്ച ശേഷം PWD റോഡുകൾ പുനഃസ്ഥാപിക്കുന്നതിനുള്ള മുഴുവൻ തുകയും അനുവദിച്ചിരുന്നുവെങ്കിലും പഞ്ചായത്ത് റോഡുകൾ താൽക്കാലികമായി പുന:സ്ഥാപിക്കുന്നതിനുള്ള തുക മാത്രമേ ഒന്നും രണ്ടും മൂന്നും ഘട്ടങ്ങളിൽ കേന്ദ്ര സർക്കാർ (എസ്.എൽ.എസ്.എസ്.സി) അംഗീകരിച്ച് ഭരണാനുമതി നൽകിയ പദ്ധതികളിൽ അനുവദിച്ചിരുന്നുള്ളൂ. അതനുസരിച്ച് പൈപ്പ് ലൈൻ സ്ഥാപിച്ച ശേഷം പഞ്ചായത്ത് റോഡുകൾ താൽക്കാലികമായി പുന:സ്ഥാപിക്കുന്നുണ്ട്. പൂർണ്ണമായി പുന:സ്ഥാപിക്കേണ്ടത് പഞ്ചായത്തു കളുടെ ഉത്തരവാദിത്വത്തിലാണ്. ഇതിനായി പതിനഞ്ചാം ധനകാര്യ കമ്മിഷന്റെ അൺ റ്റൈഡ് ഗ്രാന്റ് ഉപയോഗിക്കുവാനും പഞ്ചായത്തുകൾക്ക് അനുമതിയുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപന ങ്ങൾക്ക് അവരുടെ തനത് ഫണ്ടിൽ നിന്നും കൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമായിട്ടുള്ള പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ ഭാഗമായുള്ള അൺ-ടൈഡ് ഗ്രാന്റ് ഉൾപ്പെടെയുള്ള ഫണ്ടിൽനിന്നും റോഡ് പുനഃസ്ഥാപനം എന്നിവയുൾപ്പെടെയുള്ള പ്രാദേശികമായ ആവശ്യങ്ങൾക്ക് (മറ്റു പ്രവർത്തികളിൽ പ്രസ്തുത തുക വകയിരുത്തിയിട്ടില്ലായെന്ന് ഉറപ്പുവരുത്തി) ഫണ്ട് |

| | | | |
|---|---|---|---|
| | | | കണ്ടെത്താവുന്നതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ നാലും അഞ്ചും ഘട്ടങ്ങളിൽ കേന്ദ്ര സർക്കാരിന് സമർപ്പിച്ച് ഭരണാനുമതി നൽകിയ പദ്ധതികളിൽ പഞ്ചായത്ത് റോഡുകളുടെ പുനഃസ്ഥാപനത്തിനുള്ള തുക കൂടി എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി അനുമതി നൽകിയിട്ടുണ്ട്. ഇതിനെ തുടർന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള റോഡുകളുടെ പുനഃസ്ഥാപന ത്തിന് ഫണ്ട് അനുവദിക്കണമെന്ന് അഭ്യർഥിച്ചു കൊണ്ട് ആറാമത് സ്റ്റേറ്റ് ലെവൽ സ്കീം സാങ്ഷനിങ് കമ്മിറ്റിയിൽ റോഡ് പുനഃസ്ഥാപനത്തിനുള്ള പദ്ധതികൾ സമർപ്പിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധീനത യിലുള്ള റോഡുകളുടെ പുനഃസ്ഥാപനത്തിനായി സമർപ്പിച്ച പദ്ധതികൾക്ക് (പൂർത്തീകരിച്ച പ്രവർത്തികൾക്കൊഴികെ) അംഗീകാരം നൽകുകയുണ്ടായി. ഇതനുസരിച്ച് റോഡ് പുനഃസ്ഥാപനത്തിന് തുക ലഭ്യമായ പ്രവർത്തികളിൽ ഫണ്ടിന്റെ ലഭ്യതക്കനുസരിച്ച് പഞ്ചായത്തുകൾക്ക് റോഡ് പുനഃസ്ഥാപനത്തിന് തുക അനുവദിക്കുന്നുണ്ട്. |
| (ബി) | ഒന്നാം ഘട്ടത്തിൽ ഉൾപ്പെട്ട പഞ്ചായത്തുകൾക്ക് കൂടി റോഡ് റീസ്റ്റോറേഷന് തുക അനുവദിക്കുന്നത് പരിഗണനയിലുണ്ടോ; ഇതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ച് വരുന്നതെന്ന് അറിയിക്കാമോ? | (ബി) | ജല ജീവൻ മിഷൻ പദ്ധതി മാനദണ്ഡ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥത യിലാണ് പദ്ധതി നടപ്പിലാക്കുന്നത്. ജലജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള ഓരോ പദ്ധതിയ്ക്കും ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അംഗീകാരം ലഭ്യമാക്കിയാണ് ഭരണാനുമതി നൽകിയിട്ടുള്ളത്.<br><br>ഇപ്രകാരം അനുമതി നൽകിയ ജല ജീവൻ മിഷൻ പദ്ധതികളിൽ ഉൾപ്പെടുത്തി പൈപ്പ് ലൈൻ സ്ഥാപിച്ച ശേഷം PWD റോഡുകൾ പുനഃസ്ഥാപിക്കുന്നതിനുള്ള മുഴുവൻ തുകയും അനുവദിച്ചിരുന്നുവെങ്കിലും പഞ്ചായത്ത് റോഡുകൾ താൽക്കാലികമായി പുന:സ്ഥാപിക്കുന്നതിനുള്ള തുക മാത്രമേ ഒന്നും രണ്ടും മൂന്നും ഘട്ടങ്ങളിൽ കേന്ദ്ര സർക്കാർ (എസ്.എൽ.എസ്.എസ്.സി) അംഗീകരിച്ച് ഭരണാനുമതി നൽകിയ പദ്ധതികളിൽ അനുവദിച്ചിരുന്നുള്ളു. അതനുസരിച്ച് പൈപ്പ് ലൈൻ സ്ഥാപിച്ച ശേഷം പഞ്ചായത്ത് റോഡുകൾ താൽക്കാലികമായി പുന:സ്ഥാപിക്കുന്നുണ്ട്. പൂർണ്ണമായി പുന:സ്ഥാപിക്കേണ്ടത് പഞ്ചായത്തു കളുടെ ഉത്തരവാദിത്വത്തിലാണ്. ഇതിനായി പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ അൺ റ്റൈഡ് ഗ്രാന്റ് ഉപയോഗിക്കുവാനും പഞ്ചായത്തുകൾക്ക് അനുമതിയുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപന ങ്ങൾക്ക് അവരുടെ തനത് ഫണ്ടിൽ നിന്നും കൂടാതെ |

| | | | |
|---|---|---|---|
| | | | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമായിട്ടുള്ള പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ ഭാഗമായുള്ള അൺ-ടൈഡ് ഗ്രാന്റ് ഉൾപ്പെടെയുള്ള ഫണ്ടിൽനിന്നും റോഡ് പുനഃസ്ഥാപനം എന്നിവയുൾപ്പെടെയുള്ള പ്രാദേശികമായ ആവശ്യങ്ങൾക്ക് (മറ്റു പ്രവർത്തികളിൽ പ്രസ്തുത തുക വകയിരുത്തിയിട്ടില്ലായെന്ന് ഉറപ്പുവരുത്തി) ഫണ്ട് കണ്ടെത്താവുന്നതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ നാലും അഞ്ചും ഘട്ടങ്ങളിൽ കേന്ദ്ര സർക്കാരിന് സമർപ്പിച്ച് ഭരണാനുമതി നൽകിയ പദ്ധതികളിൽ പഞ്ചായത്ത് റോഡുകളുടെ പുനഃസ്ഥാപനത്തിനുള്ള തുക കൂടി എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി അനുമതി നൽകിയിട്ടുണ്ട്. ഇതിനെ തുടർന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള റോഡുകളുടെ പുനഃസ്ഥാപനത്തിന് ഫണ്ട് അനുവദിക്കണമെന്ന് അഭ്യർഥിച്ചു കൊണ്ട് ആറാമത് സ്റ്റേറ്റ് ലെവൽ സ്കീം സാങ്ഷനിങ് കമ്മിറ്റിയിൽ റോഡ് പുനഃസ്ഥാപനത്തിനുള്ള പദ്ധതികൾ സമർപ്പിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധീനത യിലുള്ള റോഡുകളുടെ പുനഃസ്ഥാപനത്തിനായി സമർപ്പിച്ച പദ്ധതികൾക്ക് (പൂർത്തീകരിച്ച പ്രവർത്തികൾക്കൊഴികെ) അംഗീകാരം നൽകുകയുണ്ടായി. ഇതനുസരിച്ച് റോഡ് പുനഃസ്ഥാപനത്തിന് തുക ലഭ്യമായ പ്രവർത്തികളിൽ ഫണ്ടിന്റെ ലഭ്യതക്കനുസരിച്ച് പഞ്ചായത്തുകൾക്ക് റോഡ് പുനഃസ്ഥാപനത്തിന് തുക അനുവദിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ